# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 41

# Ishal Paithrkam

Online issue 26 print issue 41 March 2025

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2025

ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 41
2025 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി
**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ
**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC CARE indexed
Quarterly
Bilingual
Issue: 41
Online issue: 26
March: 2025
all rights reserved

**Editor**
Dr. Shamshad hussain. KT

Printed @
LIPI Offset
Malappuram

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

ISSN:2582-550X

# Political Manifestations of Modernity : A Critical evaluation based on the Early Poetry of K.G. Sankara Pillai

**Dr. Ajith M.S.**

"It was in the 1960s that the modernist movement picked up its prominence in Malayalam literature. The movement brought about consequential transformations in aesthetic sensibilities of Malayalam literature, both in form and content. "Western Society of the post enlightenment period accomplished substantial technological and social advancements, propelled by the Industrial Revolution and colonial expansion . Modernity delineates this Socio- ideological paradigm that sculpted the influential philosophy of the modern world . The Prototypical modernist writings in Malayalam often imported and comprehended the principal elements of western modernity, like existentialism, nihilism, melancholia, narcissism, and experimentalism ."Almost all the early modernist works were composed predominantly of subjective, romantic framework. The early modernity was characterized by nihilistic and self-centered perspectives and a transition from this was witnessed in the 1970s. Perceptible characteristics of this subsequent evolutionary phase was evident in Malayalam poetry during the late 1960s and 1970s, addressed properly as "political modernity" by critics , afterwards . Poems by K.G. Sankara Pillai, Sachidanandan, Kadammannitta Ramakrishnan, Aattoor Ravi Varma, and Balachandran Chullikkad express attributes diverging from the general contours of modernist precinct. "The peasant uprisings in West Bengal in late 1960s had its reverberations felt far and wide across India. This movement, later termed singularly as the Naxalite

movement, mobilized both political and cultural repercussions across the country. Political modernity in Kerala was consolidated in this socio-political contexture as a second-phase manifestation of the modernist movement. Even though it is identified as "political modernity," the glimpses of romantic elements and the literary preservation of essential modernist attributes within its content call for critical perusal and evaluation . This paper attempts to undertake such an analysis.

**Keywords:** “Modernity, Political Modernity, Romanticism, Naxalite Movement, Left wing Extremist Movement.

## References

Presannarajan, 1992, Kerala Kavithayile Kaliyum chiriyum, National bookstall, Kottayam.

Raveendran P. P., 2002, Nammude Sahithyam Nammude Samooham, M. N.Vijayan (Ed.), K erala Sahithya Accademy, Thrissur.

Rajeevan B., 1984, Kavithayude Sathyam ( Avatharika ), Kavitha - K. G. Sankarapillai, Paricha publications, Thiruvalla.

Sankarapilla K.G., 1984, Kavitha, Paricha publications, Thiruvalla.

Sankarapilla K.G., 1997, K.G.Sankarapillayude Kavithakal, D.C. Books, Kottayam.

Sasidharan N., 1994, Desathe Ezhuthunnathanu Ezhuth -K G.Sankarapillayumayi Abhimukham, Sukrutham Masika, June - September.

Sachidanandhan, 1991, Anweshanankal, Bodhi Publishing House, Kozhikode.

Civic chandran, 2009, Ezhupathu kal vilichappol , Fabian Books, Mavelikkara

**Dr. Ajith M.S.**
Associate Professor
Dept of Malayalam
Thunchan Memorial Govt. College
Tirur, Malappuram
India
Pin: 676502
Email: ajithms77@gmail.com
Ph: +91 9447116833
ORCID : 0009-0006-6340-7600

ISSN:2582-550X

# ആധുനികതയുടെ രാഷ്ട്രീയപ്രകാശനങ്ങൾ: കെ. ജി. ശങ്കരപ്പിള്ളയുടെ ആദ്യകാലകവിതകളെ ആധാരമാക്കിയുള്ള വിമർശനാത്മക പഠനം

**ഡോ. അജിത്ത് എം.എസ്**

അറുപതുകളിലാണ് മലയാളസാഹിത്യത്തിൽ ആധുനികത പ്രസ്ഥാനം പ്രബലമാകുന്നത്. മലയാളസാഹിത്യത്തിൽ രൂപപരമായും ഉള്ളടക്കപരമായും ഭാവുകത്വപരിണാമത്തിന് കാരണമായ പ്രധാന ഘടകങ്ങളിലൊന്ന് ആധുനികത എന്ന പ്രസ്ഥാനമായിരുന്നു. ജ്ഞാനോദയ (Enlightenment) ത്തിനുശേഷം പാശ്ചാത്യ സമൂഹം വ്യാവസായിക വിപ്ലവത്തിന്റെയും കൊളോണിയൽ അധിനിവേശത്തിന്റേയും സഹായത്തോടെ വിപുലമായ സാങ്കേതികപുരോഗതിയും, സാമൂഹികവികസനവും കൈവരിക്കുകയുണ്ടായി; ഈ ഭൗതിക പ്രത്യയശാസ്ത്ര പരിസരത്തെയാണ് ആധുനികത പ്രതിനിധാനം ചെയ്യുന്നത്. പാശ്ചാത്യ ആധുനികതയുടെ കേന്ദ്രസ്ഥാനത്തുണ്ടായിരുന്ന അസ്തിത്വവാദം, ജീവിതനിഷേധം, വിഷാദാത്മകത, ആത്മരതി, പരീക്ഷണതപരത എന്നിങ്ങനെ ഇറക്കുമതി ചെയ്യപ്പെട്ട ചേരുവകളായിരുന്നു ആധുനികതയുടെ പ്രത്യക്ഷ സാക്ഷ്യങ്ങളായിരുന്ന മലയാളത്തിലെ രചനകളുടെ മുഖ്യ അംശം. ആദ്യകാല ആധുനിക രചനകൾ എല്ലാം തന്നെ ആത്മനിഷ്ഠ കാൽപനിക പരിസരങ്ങളിൽ നിർമ്മിക്കപ്പെട്ടതായിരുന്നു. ജീവിത നിഷേധിയും വ്യക്തികേന്ദ്രീകൃതവുമായ ആധുനികതയുടെ ആരംഭഘട്ടത്തിൽ നിന്നുള്ള വിടുതലിനായുള്ള ശ്രമങ്ങൾ എഴുപതുകളിലാണ് ആരംഭിക്കുന്നത്. ആധുനികതയുടെ അടുത്തഘട്ടത്തെ രാഷ്ട്രീയ ആധുനികത എന്ന്

നിരൂപകർ അടയാളപ്പെടുത്തുന്നുണ്ട്. ഇതിനെ വിമർശനാത്മകമായി പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ. കെ.ജി.ശങ്കരപ്പിള്ള, സച്ചിദാനന്ദൻ, കടമ്മനിട്ട രാമകൃഷ്ണൻ, ആറ്റൂർ രവിവർമ്മ, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയവരുടെ കവിതകളിൽ ആധുനികതയുടെ പൊതുമണ്ഡലത്തിൽ നിന്ന് വേറിട്ടു നിൽക്കുന്ന ചില സ്വഭാവങ്ങൾ കാണാം. അറുപതുകളുടെ ഒടുവിൽ പശ്ചിമ ബംഗാളിലെ നക്സൽബാരി ഗ്രാമത്തിലുണ്ടായ കർഷകകലാപ ത്തിന്റെ അനുരണനങ്ങൾ ഇന്ത്യയിൽ പലയിടങ്ങളിലുമുണ്ടായി. 'നക്സലൈറ്റ് പ്രസ്ഥാനം' എന്നും 'ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനം' എന്നും വിളിക്കപ്പെട്ട പ്രസ്തുത പ്രസ്ഥാനം രാഷ്ട്രീയ ചലനങ്ങളോടൊപ്പം ഒട്ടനവധി സാംസ്ക്കാരിക ചലനങ്ങളും സൃഷ്ടിച്ചു.ഈ ചലനത്തിന്റെ ഭാഗമായാണ് കേരളത്തിൽ ആധുനികത എന്ന പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ രാഷ്ട്രീയ ആധുനികത പ്രബലമാവുന്നത്. രാഷ്ട്രീയ ആധുനികത എന്ന് വിളിക്കപ്പെടുമ്പോഴും അതിന്റെ ഉള്ളടക്കത്തിലെ കാല്പ നികാംശങ്ങളും ആധുനികതയുടെ തനത് അംശങ്ങളുടെ സാഹിതീയമായ സംരക്ഷണവും പരിശോധിക്കപ്പെടേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിൽ നിർവഹിക്കാൻ ഉദ്ദേശിക്കുന്നത്.

**താക്കോൽ വാക്കുകൾ:** ആധുനികത, രാഷ്ട്രീയ ആധുനികത, കാല്പനികത, നക്സലൈറ്റ് പ്രസ്ഥാനം, ഇടതുപക്ഷ തീവ്രവാദപ്രസ്ഥാനം

സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ദേശീയത വലിയ പ്രതിസന്ധി കളിലൂടെ കടന്നുപോവുകയും തദ്ദേശീയമായ ഭരണകൂടങ്ങൾ ഈ പ്രതിസന്ധികളുടെ പ്രതിരൂപമായി പരിണമിക്കുകയും ചെയ്യുന്ന കാലത്താണ് സാഹിത്യത്തിലെ ആധുനികതാവാദം രൂപമെടുക്കു ന്നത്. ലോകയുദ്ധാനന്തരം പാശ്ചാത്യലോകത്ത് കലയിലും സാഹിത്യത്തിലും രൂപപ്പെട്ടുവന്ന ചലനങ്ങളുടെ പ്രതിഫലനം മലയാള സാഹിത്യത്തിലെ ഈ ആധുനികതാവാദ പ്രവണതകൾക്കു ണ്ടായിരുന്നു. യൂറോപ്യൻ സാഹിത്യത്തിൽ നിരാശയുടേയും മനുഷ്യനിലുള്ള അവിശ്വാസത്തിന്റേയും പ്രതിസംസ്ക്കാര ചിന്തകളുടേയും കാലമായിരുന്നു അത്. ഈ യൂറോപ്യൻ ആധുനികതാവാദത്തിന്റെ സവിശേഷതകളെ ഏറിയോ കുറഞ്ഞോ ഉള്ളിലേറ്റിക്കൊണ്ടാണ് മലയാളത്തിലെ ആധുനികതാവാദ കാവ്യപ്രസ്ഥാനം രൂപമെടുക്കുന്നത്. ഈ ആധുനികതാവാദ ത്തിനകത്ത് സവിശേഷമായ ഒരു വരേണ്യവാദ (Elitism) വുമുണ്ടായിരുന്നു. ബഹുജനപാരമ്പര്യങ്ങളെയും ജനപ്രിയ

ISSN:2582-550X

കലാരൂപങ്ങളെയും അപര (Other) മാക്കിക്കൊണ്ടാണ് ആധുനിക താവാദകാവ്യ പ്രസ്ഥാനം രൂപമെടുത്തത്. ജീർണിച്ച കാല്പനിക പാരമ്പര്യത്തെ എതിർക്കുക എന്നതായിരുന്നു ആധുനികകവിത യുടെ ധർമ്മമെന്ന് പ്രസന്ന രാജനെപ്പോലെയുള്ള നിരൂപകർ ചൂണ്ടിക്കാണിക്കുന്നുണ്ട് (പ്രസന്നരാജൻ, 1992: 9) കാല്പനികത മാത്രമല്ല, ബഹുജനകലാപാരമ്പര്യങ്ങൾ മുഴുവൻ ആധുനികതാവാദ കവിതയുടെ അന്തർമുഖപാരമ്പര്യത്തിന് പുറത്തായിരുന്നു. ആധുനികതാവാദകവിതയുടെ മനുഷ്യ വിരുദ്ധമെന്നു തന്നെ പറയാവുന്ന ഈ മുഖത്തെ ചോദ്യം ചെയ്യുന്നത് തീവ്രവാദ മുഖമുള്ള ഒരു നവകവിത പിറവി കൊള്ളുന്നതോടെയാണ്. ഇതിന് സാർവദേശീയമായ കാരണങ്ങൾ കൂടിയുണ്ട് എന്ന് പി.പി.രവീന്ദ്രൻ വിലയിരുത്തുന്നുണ്ട്: “പൊടുന്നനെയുള്ള ഈ മാറ്റത്തിന് സാമൂഹികവും രാഷ്ട്രീയവുമായ പല കാരണങ്ങളുമുണ്ടായിരുന്നു. അറുപതുകളുടെ അവസാനത്തോടെ മൂന്നാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ വിമോചന പ്രസ്ഥാനങ്ങൾ നേടിയെടുത്ത പുത്തനു ണർവ്വ് ഒന്നാം ലോക രാജ്യങ്ങളിൽപ്പോലും ഇത്തരം പ്രസ്ഥാന ങ്ങൾക്കും അവയുമായി സാഹോദര്യമുള്ള പുതിയ ഇടതുപക്ഷ വിഭാഗങ്ങൾക്കും ലഭിച്ചു കൊണ്ടിരുന്ന മാന്യതയും ന്യൂനപക്ഷ ങ്ങളും വനിതകളും മറ്റും ആ രാജ്യങ്ങളിൽ സംഘടിക്കാനാ രംഭിച്ചതും വിയറ്റ്നാം യുദ്ധത്തിനെതിരായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വളർന്നുവന്ന ബഹുജനാഭിപ്രായവും ഈ കാരണങ്ങളിൽപെടും. സാർത്രിന്റേയും ഫൂക്കോവിന്റേയും മറ്റും ആശീർവാദത്തോടെ കോഹൻ ബൻഡിറ്റിന്റെ നേതൃത്വത്തിൽ പാരീസിലാരംഭിച്ച ഇടതുപക്ഷ വിദ്യാർത്ഥി കലാപവും മാവോവിന്റെ നേതൃത്വത്തിൽ ചൈനയിലാരംഭിച്ച സാംസ്ക്കാരിക വിപ്ലവവും ചെഗുവേരയുടേയും ഹോചിമിന്റേയും മറ്റും വീരഗാഥകളും യൂറോപ്പി ലെ പുത്തൻ ഇടതുപക്ഷത്തിന്റെ ബൗദ്ധികസന്നാഹങ്ങളും എല്ലാം ചേർന്ന് സൃഷ്ടിച്ച പുതിയ അന്തർദേശീയകാലാവസ്ഥയാണ് മാറ്റത്തെ ഉത്തേജിപ്പിച്ചത്. ആഗോള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ അതിനു മുമ്പേ ആരംഭിച്ച ചേരിതിരിവിന് ആക്കം കൂടിയതും അമേരിക്കയും സോവിയറ്റ് റഷ്യയും തമ്മിലുള്ള ശീതയുദ്ധം നിർണായകമായ ഒരു തലത്തിലേയ്ക്ക് പ്രവേശിച്ചതും ഈ കാലത്താണ്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്ത് ഒരു തീവ്ര ഇടതുപക്ഷം രൂപമെടുക്കുന്നതിന് നിമിത്തമായ ഭൗതിക സാഹചര്യ ത്തെക്കുറിച്ച് തർക്കങ്ങളുണ്ടാവാം. എങ്കിലും ഒരു കാര്യം വ്യക്തമാണ്; നക്സലൈറ്റുകളായി പിന്നീട് അറിയപ്പെട്ട വിഭാഗങ്ങളായി സ്വയം പുനർനിർവചിക്കാൻ തീവ്ര ഇടതുപക്ഷ

ത്തിലെ പലർക്കും പ്രചോദകമായത് മേൽപ്പറഞ്ഞ സാർവ്വദേശീയ കാലാവസ്ഥയായിരുന്നു എന്നതാണത്.” (രവീന്ദ്രൻ.പി.പി, 2002:444)

ആഗോളതലത്തിൽ നടന്ന ഈ രാഷ്ട്രീയസംഭവഗതികളുടെ പ്രതിഫലനമാണ് മലയാളത്തിലെ ആധുനികതയിലെ ഭാവുകത്വ പരിണാമത്തിന്റെ ഒരു പ്രത്യക്ഷകാരണം. ആധുനികതാ വാദത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിൽ ഈ സംഭവങ്ങൾ വലിയ പങ്കാണ് വഹിച്ചത്. കവിതയിൽ ലോലകാല്പനികതയും അന്തർമുഖത്വവും അസ്തിത്വവാദ വീക്ഷണങ്ങളും പിന്തുടർന്നിരുന്ന അക്കാലത്തെ യുവകവിത വളരെപ്പെട്ടെന്നു തന്നെ തീവ്രരാഷ്ട്രീയ സ്വഭാവത്തോടെ പുനരവതരിച്ചു. നേരിട്ട് തീവ്രവാദരാഷ്ട്രീയത്തോട് ബന്ധം പുലർത്തിയിരുന്നവരെ മാത്രമല്ല, അവരുമായി ആത്മൈക്യം പുലർത്തിയിരുന്നവരെയെല്ലാം ഈ മാറ്റം സ്വാധീനിച്ചു. ആധുനികതാവാദത്തിന്റെ ലാവണ്യ ചിന്തകൾക്ക് പുറത്തേക്ക് സഞ്ചരിച്ച അന്നത്തെ യുവകവിതയാണ് രാഷ്ട്രീയ ആധുനികതയുടെ കാവ്യഭാവുകത്വത്തെ നിർണയിച്ചത്.

ഇടതുപക്ഷ തീവ്രവാദപ്രസ്ഥാനത്തിന്റെ ആശയപരിസരങ്ങളിൽ നിന്ന് സ്വീകരിച്ച രാഷ്ട്രീയമായ വിധ്വംസകത അക്കാലത്തെ രാഷ്ട്രീയ ആധുനികതയുടെ കാവ്യരൂപങ്ങൾക്കുണ്ടായിരുന്നു. തീവ്രവാദപ്രസ്ഥാനത്തിന്റെ പ്രവർത്തകരിൽ ഒരാളായ സിവിക് ചന്ദ്രൻ തന്നെ താൻ പ്രസ്ഥാനത്തിലേക്ക് എത്തിയത് ബംഗാൾ എന്ന കവിത വായിച്ചിട്ടാണെന്ന് എഴുതുന്നുണ്ട്. (സിവിക് ചന്ദ്രൻ, 2009 :18–19) രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിന്ന് പ്രചോദിതമായി ഉണ്ടായ സാഹിത്യം ഒരു രാഷ്ടീയ പ്രസ്ഥാനത്തിന്റെ തുടർച്ചയെ സ്വാധീനിക്കുമ്പോൾ സാഹിത്യം എന്ന സ്ഥാപനത്തിന്റെ കാല്പനികാംശങ്ങൾ എങ്ങനെ രാഷ്ടീയപ്രസ്ഥാനത്തെ നിർണയിച്ചു എന്നതും പരിശോധിക്കപ്പെടേണ്ടതാണ്.രാഷ്ട്രീയ ആധുനികതയുണ്ടാക്കിയ വിധ്വംസകതയും വിച്ഛേദവും പൗരസമൂഹ സാഹിത്യസ്ഥാപനത്തിന്റെ വ്യാഖ്യാന യുക്തിക്ക് വഴങ്ങി വ്യവസ്ഥാപരമായിത്തീരുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. രാഷ്ട്രീയാധുനിക കവിതയുടെ ഈ സവിശേഷതകൾ കെ ജി ശങ്കരപ്പിള്ളയുടെ ആദ്യകാല കവിതകളിൽ വളരെ പ്രകടമായി ത്തന്നെ കാണാം.

ആധുനിക മലയാളകവിതയുടെ ഏറ്റവും ശക്തമായ പ്രാതിനിധ്യം കെ.ജി.ശങ്കരപ്പിള്ളയുടേതാണ്. ഈ കാലയളവിലെ രാഷ്ട്രീയോർജ്ജം മുഴുവൻ ശങ്കരപ്പിള്ളയുടെ കവിതകളിലുണ്ട്. ‘ബംഗാൾ’ എന്ന കവിത എഴുപതുകളുടെ മുഖ്യപ്രതീകമായാണ് പിൽക്കാലത്ത് അറിയപ്പെട്ടത്. ആധുനികതയുടെ സാമൂഹ്യ

വിരുദ്ധതയേയും സ്വകാര്യാഭിമുഖ്യങ്ങളേയും ചെറുത്തുകൊണ്ട് കവിതയെ വിസ്തൃതമായ ചരിത്രസ്ഥലത്തേക്ക് വിമോചിപ്പിക്കുക യാണ് 'ബംഗാൾ' നിർവഹിച്ച ധർമ്മമെന്ന് കവി പറയുന്നുണ്ട് (ശശിധരൻ, എൻ,1994). ഈ കാലത്തിന്റെ രാഷ്ട്രീയ പശ്ചാത്തല ത്തെക്കുറിച്ചും അതിലൂടെ രൂപപ്പെട്ട പുതിയ കാവ്യാവബോധ ത്തെക്കുറിച്ചും ശങ്കരപ്പിള്ള എൻ. ശശിധരന് നൽകിയ അഭിമുഖ ത്തിൽ വിവരിക്കുന്നുണ്ട് (1994: 8).

അഭിമുഖത്തിലെ ആശയങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1 തോൽപ്പിക്കപ്പെട്ട ഗാന്ധിസവും പുതിയ ദേശീയാധികാരി വർഗ്ഗത്തിന്റെ ആരോഹണവും സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ വിമോചന പ്രതീക്ഷകൾക്ക് മങ്ങലേല്പിച്ചു.

2 നെഹ്റുയിസത്തിന്റെ ലിബറൽ സാദ്ധ്യതകൾ വഞ്ചകമാണെന്ന തിരിച്ചറിവ്.

3 മാർക്സിസം അതിന്റെ വിമോചന സ്വപ്നങ്ങൾ അടിയറവെച്ചു കൊണ്ട് ഒരു മദ്ധ്യവർഗ്ഗമതമായി നിർവീര്യമാക്കപ്പെട്ടു.

4 അധികാര കേന്ദ്രീകരണവും, ശക്തിപ്പെട്ട ജനാധിപത്യവിരുദ്ധ തയും

5 ജാതീയവും, വർഗ്ഗീയവുമായ ഛിദ്രശക്തികളുടെ ഉയിർത്തെഴു ന്നേൽപ്പ്

6 വിധേയത്വത്തെ ഉത്പാദിപ്പിച്ചുകൊണ്ടിരുന്ന അധിനിവേശ സംസ്കാരം ആധുനികതയിലൂടെ സ്ഥാപിതമായി.

7 ആധുനികത പ്രചരിപ്പിച്ച അസ്തിത്വവാദ ചിന്തയ്ക്കും നിറമുള്ള പുറംമോടിയായി അധഃപതിച്ച പുരോഗമന സാഹിത്യത്തിനു മിടയിൽ പരിവർത്തനോൻമുഖമായ രാഷ്ട്രീയ കലാചിന്തയ്ക്ക് സാദ്ധ്യതകൾ ഏറെയായിരുന്നു.

8 ഈ പശ്ചാത്തലം മാവോയിസത്തിന് വഴിയൊരുക്കി.

9 എഴുപതുകളെ വിമോചനത്തിന്റെ ദശകമായി കാണാൻ ഈ പശ്ചാത്തലം കാരണമായി.

ശങ്കരപ്പിള്ള വിശദമാക്കുന്ന ഈ രാഷ്ട്രീയ സാംസ്ക്കാരിക പശ്ചാത്തലമാണ് എഴുപതുകളിലെ സാഹിത്യത്തെ പൊതുവിൽ നിർണയിച്ചത്. ശങ്കരപ്പിള്ളയുടെ കവിതയിൽ ഈ രാഷ്ട്രീയ പശ്ചാത്തലം ധ്വനനശേഷിയോടെ മുഴങ്ങുന്നതു കേൾക്കാം. ഭാഷണം തന്നെ പ്രവൃത്തിയായി തോന്നിപ്പിക്കും വിധം ശക്തമായ കാവ്യ ഘടകങ്ങളാണ് ഇക്കാലത്ത് അദ്ദേഹം സൃഷ്ടിച്ചത്. ഇത് ഒരു പ്രതികവിതയുടെ സ്വഭാവത്തിലുള്ളതാ ണെന്ന് പി.പി.രവീന്ദ്രൻ നിരീക്ഷിക്കുന്നുണ്ട് (2002: 452).

ശങ്കരപ്പിള്ളയുടെ കാവ്യരീതിയിലുള്ള പ്രതികാവ്യ പദ്ധതി തന്നെയാണ് ശങ്കരപ്പിള്ളയുടെ കവിതയിലെ രാഷ്ട്രീയത്തെ വ്യതിരിക്തമാക്കുന്നത്. മാർക്സിസ്റ്റ് – മാവോയിസ്റ്റ് ലോകവീക്ഷണത്തെ കവിതയിലൂടെ പ്രയോഗവത്കരിക്കുമ്പോഴും അടിസ്ഥാനപരമായി അതു 'വിമർശ' (Critique) ത്തിന്റെ സ്വരൂപം കയ്യാളുന്നത് അതിനാലാണ്.

ജന്മരാത്രിയെക്കുറിച്ചും ആത്മാവിൽ കുടിയിരിപ്പുള്ള വൃക്ഷത്തെക്കുറിച്ചും വിഷാദനിർഭരമായ ശബ്ദത്തിൽ സംസാരിച്ചിരുന്ന കവിതയായിരുന്ന കെ.ജി.ശങ്കരപ്പിള്ള അറുപതുകളുടെ അവസാനം എഴുതിയിരുന്നത്.

'ഗാനമധുരമൊരു വീണക്കമ്പി മുറുക്കിപ്പണ്ടീ
ഗഹനച്ഛായയിലെത്രയലഞ്ഞേൻ.
പാടിപ്പാടി പ്രാണനെയെത്ര മറന്നേൻ!
ജീവനെ വീണക്കമ്പികളാക്കിപ്പാടി
പാതാളത്തിലൊരിക്കൽ ചെന്നേൻ
എൻ പ്രിയയുടെ പ്രാണന്നായി
എൻ പ്രാണന്റെയുഷസ്സിന്നായി.
അറിവീലെന്തിനുണർന്നിന്നോർമ്മയി
ലേറെപ്പഴകിയതാമീശോകകഥ!
പാരിതുപാതാളം, ഞാൻ പാടിപ്പാടിത്തളരുന്നു
എങ്ങോ വീണു പൊലിഞ്ഞോരെൻ
പ്രിയസ്വപ്നത്തിന്റെ യുഷസ്സിനായി' (ശങ്കരപ്പിള്ള കെ.ജി., 1984: 51)

'ജന്മരാത്രി' (1970) 'കറുത്തവാവ്' (1970) 'കാക്ക' (1971) തുടങ്ങിയ ആദ്യകാല കവിതകളിലും ആധുനികതയുടെയും വിഷാദാത്മകതയുടെയും ദുർഗ്രഹമായ ആഖ്യാന ശൈലിയുടെയും അനുരണനങ്ങൾ കാണാവുന്നതാണ്. 1972ൽ എഴുതുന്ന 'ചരിത്രം' എന്ന കവിത മുതൽ കവിതയിൽ രാഷ്ട്രീയാഭിമുഖ്യത്തിന്റെ സൂചനകൾ കണ്ടു തുടങ്ങുന്നു :

"കാട്ടിൽ ചെന്നിന്നു ഞാൻ പെടുത്തപ്പോൾ
താടിക്ക് തീ കേറി മുനിമാര് വെന്തു
നാട്ടിൽ വന്നിന്ന് ഞാൻ പെടുത്തപ്പോൾ
നാല്പതുജന്മി തൻ നാനൂറ് തലയറ്റു
ഇനി ?' (ശങ്കരപ്പിള്ള കെ.ജി., 1984: 63)

'ഊർമ്മിളേ അയോദ്ധ്യ അവർ കീഴടക്കും രാജാവിന്റെ തലവെട്ടി വെളിയിൽ തൂക്കും കൊടിമരത്തിൽ ചെങ്കൊടി കുത്തും' (ശങ്കരപ്പിള്ള കെ.ജി., 1984: 67).

1972ൽ എഴുതപ്പെട്ട 'അയോദ്ധ്യ'എന്ന കവിതയിൽ സമസ്ത ഭാരതത്തിന്റെ പശ്ചാത്തലത്തിലുള്ള ആഖ്യാനസ്ഥലം ആവിഷ്ക്കരിക്കപ്പെടുന്നു. അധികാരത്തിന്റെ ഇടനാഴികളിൽ ആളിത്തുടങ്ങിയ തീയെക്കുറിച്ച് കവിത ഉറക്കെ സംസാരിക്കുന്നു.

"വനങ്ങളിൽ തീയാളിത്തുടങ്ങിയിരിക്കുന്നു
ആനകളുടെ മസ്തകങ്ങളിൽ
ചോരപൊടിഞ്ഞു തുടങ്ങിയിരിക്കുന്നു.
ഗ്രാമങ്ങളിൽ നിന്നു കരിമ്പൂച്ചകൾ
നഗരങ്ങളെ വളഞ്ഞു തുടങ്ങിയിരിക്കുന്നു
വിഡ്ഢിയായ ആ ചൈനാക്കാരൻ വൃദ്ധന്റെ
പിൻമുറക്കാരുണ്ടാക്കുന്ന ഭൂകമ്പങ്ങളിൽ
കുലപർവതങ്ങൾ കുലുങ്ങിത്താണു തുടങ്ങിയിരിക്കുന്നു
കോട്ട ഗോപുരങ്ങൾ തകർന്നിടിഞ്ഞു തുടങ്ങിയിരിക്കുന്നു
കൊട്ടാരങ്ങളെരിഞ്ഞു തുടങ്ങിയിരിക്കുന്നു
അരമനകളിലെ അമ്മറാണിമാർ
ദു:സ്വപ്നം കണ്ടമറിത്തുടങ്ങിയിരിക്കുന്നു
പരിഭ്രാന്തനായ രാജാവ്
നിഷ്കളങ്കരായ പ്രജകളെ അരക്കില്ലത്തിൽ അടിച്ചുകൂട്ടി
കൂട്ടത്തോടെ ചുട്ടെരിച്ചു തുടങ്ങിയിരിക്കുന്നു
ഇന്നലെ സന്ധ്യയ്ക്കും നാനൂറ് പേരെ കൊന്നിരിക്കുന്നു
തന്റെ നാമം ജപിക്കാത്തവരെ
തന്റേടമുള്ളവരെ
ശരിയായ പുസ്തകം വായിക്കുന്നവരെ'
(ശങ്കരപ്പിള്ള കെ.ജി., 1984: 66)

ഗ്രാമങ്ങൾ നഗരങ്ങളെ വളയുമെന്ന മാവോയുടെ പ്രഖ്യാപനം, പർവ്വതങ്ങളെ നീക്കം ചെയ്ത വിഡ്ഢിയായ വൃദ്ധൻ എന്ന മാവോസെതുങ്ങ് ഉദ്ധരിക്കാറുള്ള കഥ തുടങ്ങിയവയൊക്കെ കാവ്യശരീരത്തിൽ ചേർക്കപ്പെട്ടിരിക്കുന്നു. കവിതയുടെ അന്ത്യഘട്ടത്തിലെത്തുമ്പോൾ വിപ്ലവ വ്യാമോഹത്തിന്റെ ഉച്ചസ്ഥായിയിൽ കവിതയെത്തിച്ചേരുന്നു. വിപ്ലവത്തെക്കുറിച്ചുള്ള കാല്പനിക പ്രത്യാശയാണ് കവിതയിൽ കാണാനാവുന്നത്

തീവ്രവാദ ആക്ഷനുകളിലെ ഉന്മൂലന പ്രക്രിയയെയും സംഹാരാത്മകതയെയും ഈ വരികളിൽ സൂചിപ്പിക്കുന്നുണ്ട്. രാജാവിന്റെ ആസന്നമായ പരാജയം ഭാവന ചെയ്യുന്ന പ്രവാചകത്വമായിരുന്നു ഈ കവിതകളുടെ ആഖ്യാനരീതിയെന്നു തോന്നാമെങ്കിലും പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ഭാഷണമായി കൂടി കവിത സ്വയം മാറിത്തീരുന്നതു കാണാം.

ഊർമ്മിളയിൽ നിന്ന് (നീണ്ട മുടിയും കൈകളും / ചുണ്ടും ചെറിയ മുലകളും വലിയ കണ്ണുകളും /വസന്തത്തെക്കുറിച്ചുള്ള തേങ്ങലുകളും) സ്വയം രാഷ്ട്രമായി സങ്കല്പിക്കുന്ന പുരുഷന്റെ ആഖ്യാനപ്രതലത്തിലേക്കാണ് ഇരുണ്ട വ്യക്തിപരതയിൽ നിന്ന് കവിത ഇവിടെ പരിണമിക്കുന്നത്. ഈ കവിതയിലെ ഊർമ്മിള ആധുനിക കവിതയിൽ നിന്ന് പൊതുവെ മാറ്റിനിർത്തപ്പെട്ട സ്ത്രീയുടെ പ്രതിനിധി തന്നെയാകുന്നു. സമൂഹത്തിലും വിപ്ലവത്തിലും ആധുനികതയിലും പ്രാതിനിധ്യമില്ലാത്ത സ്ത്രീ രാഷ്ട്രീയ ആധുനികതയിലും അതെ സ്ഥാനത്തു തന്നെയാണ്. കല്പറ്റ നാരായണൻ ഇതിനെ ആലങ്കാരികമായി സൂചിപ്പിക്കുന്നുണ്ട്: ' ഒരു വാടകമുറിയിൽ ഒരുമിച്ചു കൂടിയ , ഇടതുപക്ഷാശയക്കാരും പ്രബുദ്ധരും ലിംഗത്തിൽ പുരുഷന്മാരും വിവേകത്തിൽ ലക്ഷ്മണന്മാരുമായ മതിമറന്ന ഒരു സംഘത്തിന്റെ പദാവലി കൊണ്ട് അക്കാലത്തെ ഏറ്റവും പുതിയ കാവ്യാനുഭവങ്ങൾ ആവിഷ്കരിക്കപ്പെട്ടു. (നാരായണൻ, കൽപ്പറ്റ 2014: 46)

ചരിത്രത്തിന്റെയും സാമൂഹികതയുടെയും മണ്ഡലത്തിലേക്കുള്ള പരിണാമം എന്ന് കരുതുമ്പോഴും വിപ്ലവത്തെക്കുറിച്ചുള്ള കാല്പനിക പ്രത്യാശകൾ കൂടി കവിതകളിൽ കാണാം. 'ബംഗാൾ' (1973) എന്ന കവിതയിൽ ഇതു മൂർത്തരൂപം പ്രാപിക്കുന്നതു കാണാം. 'വിപ്ലവപൂർവ്വകാലം ഉപരിവർഗ്ഗത്തിന്റെ സിരകളിൽ ആത്മശൈഥില്യത്തിന്റെ വിഷം നിറയ്ക്കുന്നു. അവരെ വേഗം വേഗം അന്ധരാക്കുന്നു' എന്ന ചൈനീസ് കവി 'ലൂ ഷൂണി'ന്റെ വരികളാണ് 'ബംഗാൾ' എന്ന കവിത ആമുഖ വാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. മഹാഭാരതത്തിലെ അന്ധരാജാവായ ധൃതരാഷ്ട്ടരേയും അയാളുടെ കേൾവിയെയും രൂപകമാക്കിയെടുത്താണ് 'ബംഗാളി'ൽ വിമർശനം രൂപപ്പെടുത്തുന്നത്. 'ബംഗാൾ' ഇന്ത്യയുടെ തന്നെ ഒരു മഹാരൂപകമായി മാറുകയും അതിലൂടെ നക്സൽബാരിയിലൂടെ മുന്നോട്ടുവയ്ക്കപ്പെട്ട രാഷ്ട്രീയം മധ്യവർഗ്ഗ ഭീതിയെ എങ്ങനെ ഉത്പാദിപ്പിച്ചു എന്നതിന്റെ വിവരണമായിത്തീരുകയും ചെയ്യുന്നു നക്സൽബാരിയിലുണ്ടായ കലാപം കവിതയിൽ ചുഴലിയായി ചിഹ്നവത്കരിക്കപ്പെടുന്നു:

'തീർത്ഥാടനം കഴിഞ്ഞ് പ്രഭുക്കൻമാരുടെ ഒരു സംഘം
കാളീഘട്ടിലൂടെ കഥകൾ പറഞ്ഞ്
ആർത്തട്ടഹസിച്ചു വരികയായിരുന്നു
പെട്ടെന്ന് തെരുവിൽ ചുഴലിപൊങ്ങി
ഓടയിൽ നിന്നാരംഭിച്ച ചുഴലി
തെരുവുകൾ ആശുപത്രികൾ ജലസംഭരണികൾ

റേഡിയോ നിലയം - നഗരം മുഴുവൻ തല്ലിത്തകർത്ത്
അന്നത്തെ വീരലാൽ ചക്രവർത്തിയെ
സിംഹാസനത്തോടെ തട്ടിക്കൊണ്ടുപോയി
ചുഴലി കഴിഞ്ഞപ്പോൾ രാജ്യം
വേരോടെ മാറിപ്പോയിരുന്നു
ഭരണം നിയമം മര്യാദകൾ രാപകലുകൾ-ആകെപ്പുത്തൻ
ഏറ്റവുമൊടുവിലാണ് പഴയ ആളുകൾക്ക് മനസ്സിലായത്
വിദൂരഗ്രാമങ്ങളിലെ ദരിദ്ര കർഷകരുടെ
ഉഗ്രശാപത്തിൽ നിന്നാണ്
ചുഴലി പൊട്ടിപ്പുറപ്പെട്ടതെന്ന്'
(ശങ്കരപ്പിള്ള കെ.ജി., 1984: 74)

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഭരണകൂടജീർണതയും അധികാര കേന്ദ്രീകരണവും സാമൂഹ്യനീതിയുടെ നഗ്നമായ ലംഘനങ്ങളുമാണ് തീവ്രവാദ രാഷ്ട്രീയത്തിലേക്കും തുടർന്നുള്ള ഭരണകൂടഭീകരതയിലേക്കും നയിച്ചത്. കവിത ഒരു സമൂഹോത്പന്നമാണ് എന്നു വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ മുന്നേറ്റങ്ങളും പീഡാകരമായ പൗരത്വവുമെല്ലാം കവിതയ്ക്കു പുറത്തായിരുന്നില്ല. കവിത രാഷ്ട്രീയപ്രതിരോധത്തിനുള്ള ഉപകരണമായി മാറുന്നതങ്ങനെയാണ്. ഇക്കാര്യത്തെ പി പി രവീന്ദ്രൻ ഇങ്ങനെ വിശകലനം ചെയ്യുന്നു:'ചരിത്രത്തെ കവിതയുടെ ഉള്ളടക്കമായി മാറ്റാൻ ശ്രമിക്കുന്നേടത്താണ് 'ബംഗാൾ' എഴുപതുകളിലെ രാഷ്ട്രീയ കവിതയുടെ ഉയർന്ന മാതൃകയായിത്തീരുന്നത്. സമകാലിക ഇന്ത്യനവസ്ഥ 'ബംഗാളി' ലെ ധൃതരാഷ്ട്രരിൽ കുത്തിവെക്കുന്നത് ആത്മശൈഥില്യത്തിന്റെ വിഷമത്രേ. ചരിത്രത്തിന്റെ മങ്ങിയ യാഥാർഥ്യത്തെ സ്വന്തം ഇരുണ്ട കാഴ്ച്ചയിലൂടെ പിടിച്ചെടുക്കാൻ ഈ ധൃതരാഷ്ട്രർ ശ്രമിക്കുന്നത് നോക്കുക'. (രവീന്ദ്രൻ, പി.പി, 2002:453) പ്രതിരോധ പ്രഭാഷണങ്ങളായാണ് കവിത രൂപപ്പെടാൻ പരിശ്രമിക്കുന്നത്. ഇതു കാവ്യപാരമ്പര്യത്തോടുള്ള ഒരു വെല്ലുവിളി കൂടിയായിരുന്നു. കവിതയെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ പൊളിച്ചെഴുതാനും വൈരുദ്ധ്യാത്മകമായ ഒരു കാവ്യസങ്കല്പത്തെ ആവിഷ്കരിക്കാനും അതു പരിശ്രമിച്ചു.കാല്പനികതയുടെ ചരിത്ര നിരപേക്ഷതയെ ചരിത്രബദ്ധത കൊണ്ട് നിഷേധിച്ചു കൊണ്ടാണ് ഈ വൈരുദ്ധ്യാത്മകതയെ കവിതയിലേക്കാവാഹിക്കാനുള്ള പരിശ്രമം ശങ്കരപ്പിള്ള നടത്തിയത്. വിപ്ലവം ആസന്നമാണെന്ന കാല്പനിക പ്രത്യാശ കവിതയുടെ അന്തർധാരയായി  നിലനിൽക്കുകയും ചെയ്യുന്നു

'കവിതയിലൂടെ കടന്നുപൊയ്ക്കഴിയുമ്പോഴേക്കും നാം നമ്മുടെ സ്ഥാനം മാറിയിരിക്കുന്നതായി കാണുന്നു. നമ്മുടെ ആഴത്തിൽ നാം കരിഞ്ഞുപോയതായിക്കണ്ട പ്രതീക്ഷകളെ ഇപ്പോൾ മറ്റൊരിടത്തുനിന്നു കാണാൻ കഴിയുന്നു. കുഴപ്പം നമ്മുടെ പ്രതീക്ഷകളുടേതുതന്നെ ആയിരുന്നല്ലോ. നാം എന്നും പ്രതീക്ഷിച്ചത് നമ്മളിൽ നിന്നന്യമായ ഏതെങ്കിലുമൊരു ശക്തിയുടെ കാരുണ്യത്തെയാണ്. ആ ശക്തികളൊന്നും നമ്മെ രക്ഷിച്ചില്ല. നാം കാത്തിരിപ്പുതന്നെ വെടിയാൻ തുടങ്ങി. എങ്കിലും ഇനി ആരെങ്കിലും വരാനുണ്ടോ എന്ന അന്വേഷണത്തിന്റെ അന്ത്യത്തിൽ ഇനി വരാനുള്ളതു നാമല്ലാതെ മറ്റാരുമല്ലെന്ന്, നാം കാത്തിരിക്കുന്നതു നമ്മുടെ ശക്തിയെത്തന്നെ ആണെന്നറിയാൻ തുടങ്ങുന്നു. നാം നമ്മുടെ ഭൂതഭാവികളെ പുനഃപ്രതിഷ്ഠിക്കുന്നു (രാജീവൻ ബി., 1984). ഈ കലാപം കാല്പനികതയേയും പ്രച്ഛന്ന കാല്പനികതയേയും നിരാകരിക്കുന്നതും വൈരുദ്ധ്യാത്മക ലോകബോധമുള്ള ഒരു പുതുകവിതയെ സങ്കല്പിക്കുന്നതുമാണെന്ന് രാജീവൻ അഭിപ്രായപ്പെടുന്നുണ്ട്.

കവിതയും കവിയും വായനക്കാരനും സ്വയം മാറിത്തീരുന്ന വിപ്ലവകരമായ ഒരു കർമ്മമായിട്ടാണ് കവിത സങ്കല്പിക്കപ്പെടുന്നത്. ഈ സാങ്കല്പിക കാവ്യാദർശം സാക്ഷാൽക്കരിക്കാനുള്ള പരിശ്രമത്തിലാണ് ഈ കാലത്തെ എഴുത്തുകാർ കൂട്ടമായി ഭാഗഭാക്കാകുന്നത്. ശങ്കരപ്പിള്ളയുടെ കാവ്യഭാഷണങ്ങളെ രൂപപ്പെടുത്തുന്നതും ഈ ആദർശ കാവ്യസങ്കല്പമാണ്. പ്രതിഷേധസ്വരൂപമായ മാനസികവൃത്തികളുടെ പ്രകാശനമായി കാവ്യഭാഷണം മാറിയത് അതിനാലാണ്.

'ഇവിടുത്തെ ഈ വിരൂപികളുടെ ഗർഭത്തിൽ
പടനായകൻമാരുണ്ട്
നിന്റെ പരമവീര ചക്രങ്ങൾക്കു കൊരുക്കാനാവാത്തവർ
തിരുനെറ്റിയിൽ ചോപ്പൻ നക്ഷത്രമുള്ളവർ
അവർ വരും' (ശങ്കരപ്പിള്ള കെ.ജി., 1984: 86)

രാഷ്ട്രഭരണകൂടത്തിന്റെ അന്ധതയെ അതിതീവ്രമായി അടയാളപ്പെടുത്തുന്ന കവിതയാണ് 'ആനന്ദൻ'. 'ബംഗാളി'നെ പിന്തുടർന്ന് ഇവിടെയും അഹിംസയും ഹിംസയും തമ്മിലുള്ള അവിശുദ്ധമായ ചേർച്ചയെക്കുറിച്ചും, മൂല്യ വ്യവസ്ഥകളെ മറികടക്കുന്ന അനീതികളെക്കുറിച്ചും ഇന്ത്യൻ കരമസോവുകളുടെ സുഖലോലുപതയെക്കുറിച്ചുമാണ് ഈ കവിത സംസാരിക്കുന്നത്. ഇന്ത്യൻ ഭരണകൂടവ്യവസ്ഥയുടെ അവിശുദ്ധമായ രൂപഘടനകളെ പരസ്യമാക്കുന്ന ഒരു 'ഭാഷണമാതൃക' യായിട്ടാണ് ആനന്ദൻ സങ്കല്

പിക്കപ്പെടുന്നത്.

“കൂട്ടുകാരാ, ഭീരുത്വം മൂലം
ഒരിക്കലും ഒരു പട്ടി കുരയ്ക്കാതിരിക്കുന്നില്ല.
ഇതാ കാലൻ ഇതാ കള്ളൻ
ഇതാ ജാരൻ ഇതാ പോസ്റ്റ്മാൻ
ഇതാ പിരിവുകാരോ വിരുന്നുകാരോ വരുന്നെന്ന്
പട്ടി എപ്പോഴും സ്വന്തം ദർശനം
അപ്പാടെ വിളിച്ചു പറയുന്നു.
-ഒരു ദൈവത്തിന്റെയും വാഹനമല്ലാത്തവൻ
കൂട്ടുകാരാ, പറയേണ്ടതു പറയാതെ
ഒരു പട്ടിപോലുമല്ലാതെ
വാലുപോലുമില്ലാതെ
നരകങ്ങളിൽ പോലും പോകാതെ
ഈ സൗധങ്ങളിൽ നാം ചീഞ്ഞു നാറുന്നു’ (ശങ്കരപ്പിള്ള കെ.ജി., 1984: 89)

എന്നിങ്ങനെ ‘കഷണ്ടി’യിൽ ഇത് ആത്മപ്രതിഫലന (Self reflexivity) മായി രൂപമാറ്റത്തോടെ പ്രത്യക്ഷപ്പെടുന്നു. രാഷ്ട്രഭരണകൂടത്തിന്റെ അന്ധയുക്തി പ്രത്യക്ഷമായി പ്രവർത്തിക്കുന്ന പുറം ലോകവും അതിന്റെ തന്നെ സ്വരൂപമായും പ്രതിഷ്ഠാസ്ഥലവുമായും വർത്തിക്കുന്ന അന്തർമണ്ഡലവുമാണ് കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകളിലെ പ്രമേയസ്ഥലങ്ങൾ. ‘അയോദ്ധ്യയും’ ‘ബംഗാളും’ ‘ആനന്ദനും’ ഈ പുറം ലോകത്തെ പ്രതിനിധാനം ചെയ്യുമ്പോൾ ‘കഷണ്ടി’യും ‘ഗൗളിവാലും’ ‘വരും വരും എന്ന പ്രതീക്ഷ’ യും അകം ലോകങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

പിൽക്കാലത്ത് അടിയന്തരാവസ്ഥയുടെ ഭീഷണമായ സമയത്ത് ഹനിക്കപ്പെട്ട അഭിപ്രായ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രവാചകത്വം 'നിശ്ശബ്ദത' എന്ന കവിതയിലുണ്ട്. പൗരസ്വാതന്ത്ര്യത്തിന്റെ കൂച്ചുവിലങ്ങുകൾ ആത്യന്തികമായ മരവിപ്പിലേക്ക് ജനതയെ കൊണ്ടെത്തിക്കും എന്ന തിരിച്ചറിവ് ‘നിശ്ശബ്ദത’യിലുണ്ട്.

“ഇന്നു ഞാനറിയുന്നു:
അഭിപ്രായ സ്വാതന്ത്ര്യമുപയോഗിച്ചവൻന്റെ കസേര
അടുത്ത ദിവസം ശൂന്യമാകുന്ന നിശ്ശബ്ദത
മൂന്നാം ദിവസം അവന്റെ വീട്ടിൽ
മകൻ മരിച്ച അമ്മയുടെ നിശ്ശബ്ദത
ഭർത്താവ് മരിച്ച ഭാര്യയുടെ നിശ്ശബ്ദത

മേശപ്പുറത്ത് കാത്തിരിക്കുന്ന
കട്ടൻകാപ്പിയുടെ നിശ്ശബ്ദത
മുറ്റത്തു തുള്ളുന്ന ചുവന്ന പൂക്കളുടെ നിശ്ശബ്ദത' (ശങ്കര പ്പിള്ള കെ.ജി., 1984: 95)

ഭാരതത്തിൽ ഇന്നോളമുണ്ടായിട്ടുള്ള ഭൗതികവും ആത്മീയവും സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ ദർശനങ്ങ ളെയും കവിതയിൽ പരിശോധിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നുണ്ട്. നമ്മളിൽ തന്നെയുള്ള വംശത്തിന്റെ പരമശക്തികൾ ഉപയോഗിച്ച് വരാനിരിക്കുന്ന വൻ വിജയങ്ങളിലേക്ക് നടക്കാനാണ് കവിത ആഹ്വാനം ചെയ്യുന്നത്.

'നിരാശയുടെ കവലയിൽ
പ്രജ്ഞയറ്റ്
നിന്നുപോയ നിങ്ങളുടെ
വാച്ചുകൾക്ക് കീ കൊടുക്കുവിൻ
ഈ നിശ്ശബ്ദ മണിക്കൂറിന്റെ ആഴത്തിൽ
വസന്തത്തിന്റെ ഇടിമുഴക്കമുണ്ട്'
(ശങ്കരപ്പിള്ള കെ.ജി., 1984: 96)

ഈ കാലഘട്ടത്തിൽ തന്നെ എഴുതപ്പെട്ട 'മുണ്ട്' എന്ന കവിത അന്യാപദേശരീതിയിൽ വിപ്ലവപ്രവർത്തനത്തേയും ഭരണകൂട മർദ്ദനോപകരണങ്ങളെയും സൂചിപ്പിക്കുന്ന കവിതയാണ്. ഓരോ തവണയും ഇളകി വരുന്ന മുണ്ടിന്റെ കരയുടെ ചുവപ്പ് ഇല്ലാതാക്കാൻ ഡോബി ശ്രമിക്കുന്നു. കരിമ്പാറയുടെ അടിയേറ്റ് കരയിലെ ചുവപ്പ് വിളറി വെളുത്തു പോകുമ്പോഴേക്കും, കൂട്ടത്തിലുള്ളവയും പുഴയും തടാകങ്ങളും ചുവക്കുന്ന പ്രതിഭാസ മുണ്ടാകുന്നു. വിപ്ലവ പ്രവർത്തനത്തെ അടിച്ച മർത്താൻ ഭരണകൂട ഉപകരണങ്ങൾക്ക് കഴിയില്ല എന്ന കാല്പനികമായ പ്രത്യാശ കൂടി വച്ചു പുലർത്തുന്ന കവിതയാണിത്. പില്കാലത്ത് ജനകീയസാംസ് കാരിക വേദി ഈ കവിത നോട്ടീസായി അച്ചടിച്ച് ചർച്ചകൾ സംഘടിപ്പിച്ചിരുന്നു.

'വരും വരും എന്ന പ്രതീക്ഷ'യിലും ജനാധിപത്യ ഭരണകൂടത്തിൽ അവിശ്വസിക്കുന്ന ആഖ്യാതാവിനെ കാണാം. രാജാ ക്കൻമാരും ചക്രവർത്തിമാരും അധിനിവേശകരും ഗാന്ധിസവും സോഷ്യലിസവും കമ്മ്യൂണിസവും പ്രശ്നങ്ങളെ സ്പർശിക്കാതെ കടന്നുപോവുമ്പോൾ അതിന് ദൃക്സാക്ഷിയായി നിൽക്കുന്ന ഇന്ത്യൻ പൗരനാണ് ഈ കവിതയിലെ ആഖ്യാതാവ്. മുടന്തുന്ന ഒറ്റ ആട്ടിൻ കുട്ടിയെ രക്ഷിച്ച ബുദ്ധൻ ഇവിടെ വരാതിരിക്കട്ടേ എന്ന് കവി ആശിക്കുന്നു. വെറും പത്തു വിരലിന്റെ കാരുണ്യത്തിൽ എല്ലാവരും

മുടന്തുന്ന ഈ ലോകത്തിൽ ആരെയും രക്ഷിക്കാൻ സാധിക്കില്ല എന്ന് കവി തിരിച്ചറിയുന്നു.

“പാവം ഗൗതമനിപ്പോൾ വരാതിരിക്കട്ടേ

വന്നുപോയാൽ എന്തുചെയ്യും വെറും പത്തു വിരലിന്റെ കാരുണ്യത്തിൽ

ഇതിൽ ഏതു മുടന്തനെ അവൻ രക്ഷിക്കും' (ശങ്കരപ്പിള്ള കെ.ജി., 1984: 103)

എഴുപതുകളിലെ തീവ്രവാദ പ്രസ്ഥാനം ചൈനയുമായും മാവോയുടെ ആദർശങ്ങളുമായും തീവ്രമായി വിധേയപ്പെട്ടിരുന്നതുകൊണ്ടുതന്നെ സോവിയറ്റ് റഷ്യയിലുണ്ടായിരുന്ന ഭരണകൂടത്തോടും അതിന്റെ പ്രത്യയശാസ്ത്രത്തോടും മനപൂർവ്വമായി അകലം പാലിക്കുകയും ചെയ്തിരുന്നു. തെരഞ്ഞെടുപ്പിലൂടെ ഇവിടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ റഷ്യൻ വിധേയത്വത്തെയും റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്ത കമ്മ്യൂണിസത്തിന്റെ ദൗർബല്യത്തേയും 1975ൽ എഴുതപ്പെട്ട 'മടക്കം' എന്ന കവിതയിൽ പരിഹസിക്കുന്നുണ്ട്. സമത്വപുരിയിൽ നിന്നു കൊണ്ടുവന്ന പൂമരത്തിന്റെ പരിവർത്തനം കവിതയിൽ ചിത്രീകരിക്കപ്പെടുന്നത് ഇങ്ങനെയാണ്. കാല്പനികതയുടെ ഭാഗമായ നിരാശ വിപ്ലവ പ്രസ്ഥാനത്തിന്റെ പരിവർത്തനത്തിലുള്ള നിരാശയായി ഇവിടെ മാറുന്നു.

'ദേവാലയങ്ങൾ നിറഞ്ഞ ഈ മുനമ്പിലെ വെളുത്ത കാറ്റിൽ

അവ ക്രമേണ അയഞ്ഞു.

കാവിയുടെയും കുങ്കുമത്തിന്റെയും മണ്ണിൽ

ഇപ്പോഴിതുമൊരു തീർത്ഥാംബരം

ഒരു കാഷായം!' (ശങ്കരപ്പിള്ള കെ.ജി., 1984: 104)

തീവ്രഇടതുപക്ഷം സമൂഹത്തിലെ മൂല്യവ്യവസ്ഥയുടെ വ്യാകരണത്തെയാണ് ചോദ്യം ചെയ്തതെങ്കിൽ ആധുനികതാവാദികൾ ഭാവനയുടേയും ഭാവുകത്വത്തിന്റെയും വ്യാകരണത്തെയാണ് കടന്നാക്രമിച്ചതെന്നു പറയാം.( രവീന്ദ്രൻ, 2002:440) സമീപനത്തിലുള്ള ഈ വ്യത്യാസമാണ് രാഷ്ട്രീയാധുനികതയും ആധുനികതാവാദവും തമ്മിൽ യഥാർത്ഥത്തിലുള്ളത്. അറുപതുകളിലെ യാഥാസ്ഥിതികതയ്ക്കെതിരെയുള്ള പുരോഗമനോന്മുഖമായ മുന്നേറ്റമെന്ന മട്ടിലുള്ള അവകാശവാദങ്ങളെ ഇതു പൂർണമായും സാധൂകരിക്കുന്നില്ല. ആധുനികതാവാദ കവിതയുടെ ലോകബോധത്തെ തിരിച്ചിടാൻ പിന്നീടുവന്ന രാഷ്ട്രീയചലനങ്ങൾക്കു കഴിഞ്ഞുവെന്നതും ഈ കാലത്തെ കവിതക്ക് പൗരസമൂഹത്തിന്റെ രാഷ്ട്രീയ യുക്തിയെ തിരിച്ചിടാൻ കഴിഞ്ഞു എന്നതും ഒരതിവാദ

മായി അവശേഷിക്കാനാണ് ഇടയുള്ളത്. 'എഴുപതുകൾ ശിഥിലമായ്ക്കൊണ്ടിരിക്കുന്ന ആധു നികഭാവുകത്വത്തിന് പുതിയൊരു ലക്ഷ്യബോധം നൽകുകയും അതിനെ രാഷ്ട്രീയ വത്കരിക്കുകയും ഒരളവോളം ജനകീയവത്ക്കരിക്കുകയും ചെയ് തു' എന്നു വിശ്വസിക്കുന്ന സച്ചിദാനന്ദൻ തന്നെ ചില പ്രവണത കളുടെ അനിവാര്യമായ വിമർശം എന്ന പേരിൽ അവതരിപ്പിക്കുന്ന കാര്യങ്ങൾ നോക്കുക:

1) വിപ്ലവം പടിവാതിൽക്കലെത്തിക്കഴിഞ്ഞു എന്ന ഒരു ഭ്രമാത്മകദർശനം ആത്മനിഷ്ഠമായ ഒരു മധ്യവർഗഭ്രമമായിരുന്നു.
2) കേരളത്തിന്റെ സവിശേഷ സാമൂഹ്യയാഥാർത്ഥ്യത്തെയും കേരളത്തിന്റെ കലാസാഹിത്യപാരമ്പര്യങ്ങളെയും അത് അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിച്ചില്ല.
3) പ്രതിജ്ഞാബദ്ധതയെക്കുറിച്ച് എഴുപതുകളിൽ ഉയർന്നുവന്ന സങ്കല്പം ഏറെ സങ്കുചിതവും വിഭാഗീയവുമായിരുന്നു'. (സച്ചിദാനന്ദൻ, 1991:60–65)

എഴുപതുകളിൽ സജീവമായ സാഹിത്യസൗന്ദര്യശാസ്ത്ര ത്തെക്കുറിച്ചുള്ള ഏറെക്കുറെ സമഗ്രമായ വിലയിരുത്തലാണിത്. ഈ വിലയിരുത്തലിനോടൊപ്പം 'ആധുനികഭാവുകത്വത്തിന്റെ രാഷ്ട്രീയ വത്കരണവും ജനകീയവത്കരണവു'മെന്ന ആശയവും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആധുനികതയെ രാഷ്ട്രീയാധുനികത യിൽനിന്നു സത്താപരമായി വ്യത്യാസപ്പെടുത്താനാവില്ലെന്ന നിഗമനമാണ് യാഥർഥ്യത്തോട് ചേർന്ന് നിൽക്കുക. 'ആധുനികത യുടെ രാഷ്ട്രീയവത്കരണ'മെന്നു പുകൾ കൊണ്ടതെല്ലാം ആധുനികതാവാദത്തിന്റെ പൊതുരാഷ്ട്രീയയുക്തിക്കകത്തുള്ള തായിരുന്നു. മാർക്സിസത്തിന്റെ വിമോചനാത്മക മൂല്യങ്ങളും വൈരുദ്ധ്യാത്മകദർശനവുമായിരുന്നു, എഴുപതുകളിലെ കവിതയുടെ ആദർശസങ്കല്പമെങ്കിലും അതു വെറും ആഗ്രഹചിന്ത മാത്രമായി രുന്നു. സാമാന്യ മനുഷ്യനെ ആദർശമാക്കുകയും ആത്മനിഷ്ഠവും കാല്പനികവുമായ ഒരു രാഷ്ട്രീയ പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള പ്രഭാഷണസദൃശമായ ഒരു കാവ്യഭാഷ സൃഷ്ടിക്കുകയും ചെയ്തു വെന്നതിലപ്പുറം ഈ കാലത്തെ കവിത ആധുനിക ഭാവുകത്വത്തെ രാഷ്ട്രീയവത്ക്കരിച്ചുവെന്നു പറയാനാവില്ല.

നിലവിലുണ്ടായിരുന്ന ആധുനികതാവാദപ്രസ്ഥാനത്തിൽ നിന്ന് ചില കുതറലുകൾ നടത്താൻ ശ്രമിച്ചിരുന്നു എന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ രാഷ്ട്രീയ ആധുനികത എന്ന സംബോധനയ്ക്കപ്പുറം മധ്യവർഗാഭിമുഖ്യം കാല്പനികാംശങ്ങൾ എന്നിവ കൂടി കലർന്ന് ആധുനികതയ്ക്കകത്ത് തന്നെയുള്ള മറ്റൊരു

പ്രകാശനമാണ് കെ ജി ശങ്കരപ്പിള്ള കവിതയിൽ നിർവഹിച്ചത് എന്ന നിഗമനത്തിൽ എത്തുന്നതാണ് യുക്തിസഹം.

**സഹായകഗ്രന്ഥങ്ങൾ**


പ്രസന്നരാജൻ, 1992, കേരളകവിതയിലെ കലിയും ചിരിയും, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

നാരായണൻ കല്പറ്റ, 2014, സാംസ്കാരിക വേദിയുടെ അന്തരംഗങ്ങൾ, പ്രേരണ.

രവീന്ദ്രൻ.പി പി, 2002, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, എം.എൻ.വിജയൻ (എഡി.) കേരള സാഹിത്യ അക്കാദമി, തൃശൂർ.

രാജീവൻ ബി, 1984, കവിതയുടെ സത്യം (അവതാരിക) കവിത - കെ.ജി.ശങ്കരപ്പിള്ള, പരിച പബ്ലിക്കേഷൻസ്, തിരുവല്ല.

ശങ്കരപ്പിള്ള, കെ.ജി., 1984, കവിത, പരിച പബ്ലിക്കേഷൻസ്, തിരുവല്ല,.

ശങ്കരപ്പിള്ള.കെ.ജി, 1997, കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകൾ, ഡി.സി. ബുക്സ്, കോട്ടയം.

ശശിധരൻ എൻ., 1994, ദേശത്തെ എഴുതുന്നതാണ് എഴുത്ത് - കെ.ജി. ശങ്കരപ്പിള്ളയുമായി അഭിമുഖം, സുകൃതം മാസിക, ജൂൺ-സപ്തംബർ.

സച്ചിദാനന്ദൻ, 1991, അന്വേഷണങ്ങൾ, ബോധിപബ്ലിഷിങ്ങ് ഹൗസ്, കോഴിക്കോട്.

സിവിക് ചന്ദ്രൻ, 2009, എഴുപതുകൾ വിളിച്ചപ്പോൾ, ഫേബിയൻ ബുക്സ്, മാവേലിക്കര.



**ഡോ. അജിത്ത് എം.എസ്.**
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
തുഞ്ചൻ മെമ്മോറിയൽ ഗവ.കോളേജ്
തിരൂർ
മലപ്പുറം
ഇന്ത്യ
പിൻ : 676502
ഇ-മെയിൽ: ajithms77@gmail.com
ഫോൺ: +91 9447116833
ORCID : 0009-0006-6340-7600